## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3129 — 22.06.2012-ലെ മറുപടിക്ക്

### കോഴിക്കോട് സർവ്വകലാശാലയിലെ സി.എച്ച്. ചെയറിന് സാമ്പത്തിക സഹായം നൽകുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് സർവ്വകലാശാലയിലെ സി.എച്ച്. ചെയറിന് സാമ്പത്തിക സഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | എ) കോഴിക്കോട് സർവ്വകലാശാലയിലെ സി.എച്ച്. ചെയറിന് സാമ്പത്തിക സഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധം ഒന്നായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് നൽകിയിട്ടുണ്ടെന്നും ഇപ്രകാരം എത്ര തുക ലഭിച്ചു എന്നും വ്യക്തമാക്കാമോ ? | ബി) അനുബന്ധം രണ്ടായി ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് സർവ്വകലാശാല - സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2095**/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06.09.2011.

---

പരാമർശം:- സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് ഡയറക്ടറുടെ 20.07.2011-ലെ 15/11 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷങ്ങൾ, ദളിതർ, ആദിവാസികൾ, തുടങ്ങിയ വിഭാഗങ്ങളെ കുറിച്ച് പഠനം, ഗവേഷണം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്ന 'സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്' എന്ന സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 50,000/- രൂപയുടെ ധനസഹായം നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവ്വകലാശാലയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന 'സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്' എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അവരുടെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി **50,000/- (അൻപതിനായിരം രൂപ മാത്രം)** രൂപയിൽ കവിയാത്ത തുക തനത് ഫണ്ടിൽ നിന്ന് ധനസഹായമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
രാജേഷ് കുമാർ സിംഗ്,
ഗവൺമെന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഡയറക്ടർ, സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ്, കോഴിക്കോട് സർവ്വകലാശാല പി.ഒ., 673635.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് സർവ്വകലാശാല - സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് കോർപ്പറേഷൻ / മുനിസിപ്പിലാറ്റികളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2277**/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01.10.2011.

==========

പരാമർശം:- 1) സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് ഡയറക്ടറുടെ 20.08.2011-ലെ 16/2011 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന പുരോഗമിക്കുന്ന സമൂഹങ്ങളുടെ പുരോഗമന - സാംസ്ക്കാരിക വിഷയങ്ങളെക്കുറിച്ച് പഠനവും ഗവേഷണവും നടത്തുന്ന സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ ഡെവലപ്പിംഗ് സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ ഗവേഷണ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കോർപ്പറേഷനുകളിൽ നിന്നും മുൻസിപ്പാലിറ്റികളിൽ നിന്നും 50000/- രൂപ വീതം ധനസഹായമായി നൽകുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ് എന്ന സ്ഥാപനത്തിന് ഗവേഷണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കേരളത്തിലെ കോർപ്പറേഷനുകൾ / മുനിസിപ്പിലാറ്റികളിൽ നിന്നും അവയുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി **50,000/- (അൻപതിനായിരം രൂപ മാത്രം)** ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും നൽകേണ്ടതാണ്.)
ഡയറക്ടർ, സി.എച്ച്.മുഹമ്മദ്കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡെവലപ്പിംഗ് സൊസൈറ്റീസ്, കോഴിക്കോട് സർവ്വകലാശാല പി.ഒ., 673635.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

സി.എച്ച്.മുഹമ്മദ്കോയ ചെയറിന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ (ടി ചെയറിന്റെ ഡയറക്ടർ ലഭ്യമാക്കിയത്)

| **Panchayat / Municipality / Corporation** | **Amount (Rs.)** |
|---|---|
| Ponmula Grama Panchayat | 25,000/- |
| Mahi Grama Panchayat | 5,000/- |
| Chengala Grama Panchayat | 50,000/- |
| Ponnani Nagara Sabha | 10,000/- |
| Alamkode Grama Panchayat | 10,000/- |
| Thazhekode Grama Panchayat | 50,000/- |
| Thamarassery Grama Panchayat | 25,000/- |
| Thamarassery Grama Panchayat | 25,000/- |
| Vettom Grama Panchayat | 5,000/- |
| Parappur Grama Panchayat | 50,000/- |
| Kollam Corporation | 10,000/- |
| Oorakam Grama Panchayat | 50,000/- |
| Nanmanda Grama Panchayat | 2,000/- |
| Mangalam Grama Panchayat | 50,000/- |
| **Total** | **3,67,000/-** |

Section officer